# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2771 10.03.2017- ൽ മറുപടിക്ക്**

## ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിൽ ഡാറ്റാ എൻട്രി ഓപ്പറേറ്റർ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ.എസ്. ശബരീനാഥൻ | പ്രൊഫ. സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിൽ ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയിൽ കഴിഞ്ഞ വർഷം സെപ്റ്റംബറിലും ഒക്ടോബറിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമിതരായ ഇരുപത്തിയെട്ട് ജീവനക്കാരെ പിരിച്ചുവിട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണമെന്താണെന്ന് വ്യക്തമാക്കുമോ; | (എ) ഉണ്ട്. വേതനം നൽകാനുള്ള ഫണ്ടിന്റെ അപര്യാപ്തത മൂലം ഇരുപത്തിയെട്ട് ജീവനക്കാരെ പിരിച്ചുവിട്ടിരുന്നു. തുടർന്ന് ധനകാര്യ വകുപ്പിന്റെ നിർദ്ദേ പ്രകാരം അധിക ഫണ്ട് ലഭ്യമായതിനെ തുടർന്ന് ജനുവരി 16 ന് ഇവരെ തിരിച്ചെടുത്തിട്ടുണ്ട്. |
| (ബി) ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയല്ലാതെ നിയമിതരായ എത്ര താത്ക്കാലിക ജീവനക്കാർ ജോലി ചെയ്യുന്നുവെന്നും പ്രസ്തുത ജീവനക്കാരെ നിലനിർത്തിക്കൊണ്ട് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമിതരായവരെ 179 ദിവസം പൂർത്തിയാക്കുന്നതിന് മുമ്പ് പിരിച്ചുവിട്ടതിന്റെ അടിസ്ഥാനം എന്തെന്നും അറിയിക്കാമോ? | (ബി) 38 പേർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയല്ലാതെ ജോലി ചെയ്തിരുന്നു. ജനുവരി 13 ന് ടിയാളുകളെ പിരിച്ചുവിട്ടിട്ടുണ്ട്. ഫണ്ടിന്റെ അപര്യാപ്തത യുണ്ടായപ്പോൾ അടിയന്തിര സ്വഭാവമുള്ള ജോലികൾ ചെയ്ത് പരിചയമുള്ളവരെ ഒഴിവാക്കുന്നതിന് ആ സമയത്ത് നേരിട്ട പ്രതിസന്ധി കൊണ്ടാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും പുതുതായി നിയമിച്ചവരെ താത്കാലികമായി മാറ്റി നിർത്തേണ്ടി വന്നത്. നിലവിൽ 7 പേർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയല്ലാതെ താത്കാലിക അടിസ്ഥാനത്തിൽ ജോലിചെയ്യുന്നുണ്ട്. ഇവരിൽ നാലുപേർ അദ്ധ്യാപകരുടെ ക്രെഡിറ്റ് കാർഡ് വിതരണവുമായി ബന്ധപ്പെട്ട് ട്രെയിനിംഗ് ലഭിച്ചവരായതിനാൽ അടിയന്തിരമായി ജോലി പൂർത്തീകരിക്കണമെന്ന ധനകാര്യ വകുപ്പിന്റെ നിർദ്ദേശ പ്രകാരം നിലനിർത്തിയിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ — എൻ.എസ്.എസ്

എന്നിവയുടെ ഫണ്ട് ഉപയോഗിച്ച് വേതനം നൽകി നിയമിച്ചിട്ടുണ്ട്. എംപ്ലോയ്മെന്റിൽ നിന്നും ലിസ്റ്റ് ലഭിക്കുന്ന മുറയ്ക്ക് മെയിൻ തസ്തികയിലുള്ള ജീവനക്കാരന് പ്രകാരം നിയമനം നടത്തുന്നതാണ്.

Geetha

സെക്ഷൻ ഓഫീസർ